എൻ.എസ്.എസ്. എച്ച്.എസ്.എസ്. വെച്ചൂർ

# കനിവ്

## ലിറ്റിൽകൈറ്റ് വാർഷികപ്പതിപ്പ് 2019-20

ക
നി
വ്

# മാർഗദീപമേ നയിച്ചാലും



Padmabhushan Mannath
Padmanabhan

കനിവ്

# കനിവിന്റെ രസക്കൂട്ട്

## ഇതളുകളിലൂടെ


| | | | |
|---|---|---|---|
| പേജ് | 3 | കനിവിന്റെ രസക്കൂട്ട് | |
| പേജ് | 4 | കനിവിനെക്കുറിച്ച്... | |
| പേജ് | 5 | എഡിറ്റോറിയൽ ബോർഡ്. | |
| പേജ് | 6 | എന്റെ വിദ്യാലയം | |
| പേജ് | 7 | കനിവിന്റെ നൊമ്പരം | എഡിറ്റർ |
| പേജ് | 8 | പ്രളയക്കനിവ് | അർജ്ജുൻ ഷാജി |
| പേജ് | 9 | അതിജീവനം | അലൻ ബേബി |
| പേജ് | 10 | കനിവിന്റെ മാലാഖ | അഞ്ചൽ ബാബു |
| പേജ് | 11 | കനിവിന്റെ "പത്മശ്രീ" | പ്രണവ് ഡി ജയകുമാർ |
| പേജ് | 12 | കനിവിന്റെ അമ്മ | അതുൽ സി എസ് |
| പേജ് | 13 | കനിവിന്റ ആശാൻ | ആകർഷ് ബാബു |
| പേജ് | 14 | റെഡ്ക്രോസ്. | ആരോമൽ ബിജു |
| പേജ് | 15 | മരമാണ് ജീവൻ | അമൃത കെ ബി |
| | | ചക്കയാണ് താരം | അഭിജിത്ത് സുനിൽ |
| പേജ് | 16 | എന്റെ അമ്മ | ആദിത്യ പി ഉദയൻ |
| | | പ്രകൃതി | ആദർശ് എ എസ് |
| പേജ് | 17 | എന്റെ പൂവ് | അമൃത പ്രദീപ് |
| | | പ്രഭാതം | അനമോൾ ബാബു |
| പേജ് | 18 | പ്ലാസ്റ്റിക്ക് വിമുക്തവിദ്യാലയം | അശ്വിൻ |
| | | ആനപ്പെരുമ | അവിനാഷ് റ്റി ഡി |
| പേജ് | 19 | അതിജീവനം | ദേവിക പി ജെ |


കനിവ്

കനിവിനെക്കുറിച്ച്...

കനിവിന്റെ പച്ചപ്പുകളുണങ്ങി

മരുഭൂമിയായ് മാറുമിടങ്ങളിൽ

കനിവിന്റെ മുകുളങ്ങൾ നട്ടും, നനച്ചും

ഭൂമിതൻ പച്ചപ്പുതപ്പുകൾ കാത്തുസൂക്ഷിയ്ക്കാം

# എഡിറ്റോറിയൽ ബോർഡ്.


| | |
|---|---|
| **ചീഫ് എഡിറ്റർ** | **– ശ്രീമതി. മല്ലിക. വി. കെ (H.M)** |
| **എഡിറ്റർ** | **– ശ്രീ. ജയസൂര്യ. വി. പി (Kite Master)** |
| | **– ശ്രീമതി. ഉഷ. എസ് (Kite Mistress)** |
| **സ്റ്റുഡന്റ് എഡിറ്റർ** | **– അർജ്ജുൻ ഷാജി** |
| **അംഗങ്ങൾ** | **– പ്രണവ് ഡി ജയകുമാർ** |
| | **– അഞ്ചൽ ബാബു** |
| | **– ദേവിക പി ജെ** |
| | **– ആദിത്യ പി ഉദയൻ** |

# എന്റെ വിദ്യാലയം



മഹാത്മജിയുടെ പാദസ്പർശത്താൽ
പരിപാവനമായ വൈക്കത്തുനിന്നും
വെച്ചൂർ-കമരകം-കോട്ടയം
പാതയിലൂടെ 3.5 കിലോമീറ്റർ
സഞ്ചരിച്ചാൽ അറിവിന്റെ ആൽമരമായ്
വളർന്ന വെച്ചൂർ എൻഎസ്.എസ്.
ഹൈസ്കൂളിലെത്താം. 1953 ജൂണിൽ
ഒന്നും, രണ്ടും ക്ലാസ്സുകളോടുകൂടിയാണ്
സ്കൂൾ പ്രവർത്തനം ആരംഭിച്ചത്.
ഭാരതകേസരി മന്നത്തു പത്മനാഭനാൽ
നയിക്കപ്പെടുകയും, കേരളത്തിന്റെ
വിദ്യാഭ്യാസ പുരോഗതിക്കായി ഇന്നും
ലാഭേച്ഛയില്ലാതെ പ്രയത്നിക്കുകയും
ചെയ്യുകൊണ്ടിരിക്കുന്ന നായർ സർവ്വീസ്
സൊസൈറ്റിയാണ് ഈ
വിദ്യാലയത്തെ നയിക്കുന്നത്.

# കനിവിന്റെ നൊമ്പരം



കൺകളിലൊക്കെയും

കനിവിൻനെരിപ്പോടെരിച്ചതിൻ

കാവ്യനീതികൾ സോദരാ

ധന്യമാക്കട്ടെനിൻ

തല്ലിക്കൊഴിച്ചതാം

കിനാക്കളെയൊക്കെയും.

എഡിറ്റർ

# പ്രളയക്കനിവ്

2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്യതിന്റെ ഫലമായാണ് **2018-ലെ കേരള വെള്ളപ്പൊക്ക ദുരന്തം** സംഭവിച്ചത്. അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. ചരിത്രത്തിലാദ്യമായാണ് കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നുവിടേണ്ടി വന്നത്.







ARJUN SHAJI

കനിവ്

പ്രളയക്കനിവ്

# അതിജീവനം

പത്തനംതിട്ട, എറണാകുളം ജില്ലകളിലെ അതിരൂക്ഷമായ പ്രളയക്കെടുതിയിൽ നിരവധി ജീവനുകൾ രക്ഷിച്ചത് കൊല്ലം ജില്ലയിലെ വാടിയിലേയുംനീണ്ടകരയിലേയും തിരുവനന്തപുരത്തെ വിഴിഞ്ഞം, പൂന്തുറ എന്നിവിടങ്ങളിലേയും എറണാകുളം മുനമ്പത്തേയും മത്സ്യബന്ധന ബോട്ടുകളും അവയിലെ തൊഴിലാളികളുമാണ്. 94 മത്സ്യബന്ധന ബോട്ടുകളാണ്കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിന്നും രക്ഷാ പ്രവർത്തന ദൌത്യങ്ങൾക്ക് പത്തനംതിട്ടയിൽ എത്തിച്ചത്. മീൻപിടുത്തത്തിന് ഉപയോഗിക്കുന്ന ചെറുവള്ളങ്ങൾ മുതൽ വലിയ ബോട്ടുകൾ വരെയുള്ളവയാണ് പ്രളയസമയത്ത് മൂന്നു ദിവസങ്ങളിലായി രാവും പകലുമില്ലാതെ രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നത്.

ഐടിബിപിയുടെയും ആർമിയുടേയും സേനാംഗങ്ങൾ ആവശ്യത്തിന് എത്തിയിരുന്നെങ്കിലും ഇവർ കൊണ്ടുവന്ന പരിമിതമായ ബോട്ടുകൾ മാത്രം ഉപയോഗിച്ച് രക്ഷാപ്രവർത്തനം സാധ്യമായിരുന്നില്ല. വലിയ ബോട്ടുകൾക്ക് അടുക്കുവാൻ കഴിയാത്ത സ്ഥലങ്ങളിൽ ചെറിയ വള്ളങ്ങൾ വിന്യസിപ്പിച്ചും ഇത് രണ്ടും സാധ്യമല്ലാത്ത സ്ഥലങ്ങളിൽ സ്പീഡ് ബോട്ടുകൾ ഉപയോഗിച്ചുമാണ് രക്ഷാപ്രവർത്തനം നടത്തിയത്. രക്ഷാപ്രവർത്തനത്തിനായി എത്തിച്ച ഒരു മത്സ്യബന്ധന ബോട്ട് പൂർണമായി തകരുകയും ആറു ബോട്ടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിക്കുകയും ചെയ്തു.






ALAN BABY

കനിവ്

# കനിവിന്റെ മാലാഖ



**ലിനി പുതുശ്ശേരി**

കേരളത്തിൽ നിന്നുള്ള ഒരു അരോഗ്യ ശുശ്രൂഷകയായിരുന്ന **ലിനി പുതുശ്ശേരി.** 'ഇന്ത്യയുടെ ഹീറോ' എന്ന് ലോക മാധ്യമങ്ങളും ലോകാരോഗ്യ സംഘടനയും വിശേഷിപ്പിച്ച 2018 ൽ കേരളത്തിലെ കോഴിക്കോട് ജില്ലയിലെ ചെങ്ങരോത്ത് എന്ന ഗ്രാമത്തിൽ പൊട്ടിപ്പുറപ്പെട്ട നിപ്പാ വൈറസ് പകർച്ചവ്യാധിയിൽ രോഗികളെ പരിചരിക്കുന്നതിനിടയിൽ രോഗം പിടിപെട്ട് മരിച്ചതോടെ ലോക ജനശ്രദ്ധയിലേക്കെത്തി. ദ എക്കണോമിസ്റ്റ് എന്ന ലോകപ്രശസ്തമാഗസിൻ അവരുടെ ചരമ കോളത്തിൽ ഒരു ഹൃദ്യമായ കോളം തന്നെ ലിനിയുടെ ഓർമ്മയിൽ എഴുതി. അതിനെ തുടർന്ന് ലോകാരോഗ്യസംഘടന ലിനിയുടെ നിസ്സ്വാർത്ഥമായ സേവനത്തെ പുകഴ്ത്തുകയുണ്ടായി. ആരോഗ്യപ്രവർത്തകരുടെ ഡയറക്ടറായ ജിം കാമ്പെൽ ലിനിയുടെ ത്യാഗം ഗാസയിലെ റാസൻ അൽ നജ്ജാർ, ലൈബീരിയയിലെ സലോമി കർവാ എന്നിവരുടേ ത്യാഗത്തിതിനൊപ്പമാണെന്ന് റ്റ്വീറ്റ് ചെയ്തു.





ANJAL BABU

കനിവ്

# കനിവിന്റെ "പത്മശ്രീ"



Padma Shri. **Mohammed Sharif**

Sharif's eldest son Mohammed Rais Khan was murdered in 1992 on his way to Sultanpur. With his unclaimed body lying on the road, it was devoured by stray animals. After this incident, Sharif started performing the last rites of the unidentified dead bodies. He visits police stations, hospitals, railway stations and mortuary for unclaimed bodies. The bodies are handed over to him by police only after nobody claims it for 72 hours.

Sharif gives last rites to every unclaimed body as per their religion. He performed last rites of over 25,000 unclaimed bodies in and around Faizabad. Though he faced financial difficulties many times, he carried his activities of performing the last rites after collecting donations.



PRANAV.D.JAYAKUMAR

# കനിവിന്റെ അമ്മ




## മദർ തെരേസ

അൽബേനിയയിൽ ജനിച്ച് ഇന്ത്യ പ്രവർത്തന കേന്ദ്രമാക്കി ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ ലോകശ്രദ്ധ നേടിയ ക്രൈസ്തവ സന്യാസിനിയായിരുന്ന **മദർ തെരേസ** (യഥാർത്ഥ പേര്: **Anjezë Gonxhe Bojaxhiu** അന്യേസ (ആഗ്നസ്) ഗോൻജെ ബോയാജ്യൂ, ഓഗസ്റ്റ് 26, 1910 – സെപ്റ്റംബർ 5, 1997) മിഷണറീസ് ഓഫ് ചാരിറ്റി എന്ന കത്തോലിക്കാ സന്യാസിനീസഭ സ്ഥാപിച്ച് കൊൽക്കത്തയിലെ പാവപ്പെട്ടവരുടെയും അനാഥരുടെയും രോഗികളുടെയും ഇടയിൽ പ്രവർത്തിച്ച മദർ തെരേസയ്ക്ക് പ്രസ്തുത സേവനപ്രവർത്തനങ്ങളുടെ പേരിൽ 1979-ൽ സമാധാനത്തിനുള്ള നോബൽ പുരസ്കാരം നൽകപ്പെട്ടു.

ATHUL.C.S.

# കനിവിന്റെ ആശാൻ





## കുമാരനാശാൻ

മലയാളകവിതയുടെകാല്പനിക വസന്തത്തിനു തുടക്കം കുറിച്ച കവിയാണ് **എൻ. കുമാരനാശാൻ** (ഏപ്രിൽ 12, 1873 – ജനുവരി 16, 1924). ആശാന്റെ കൃതികൾ കേരളീയ സാമൂഹികജീവിതത്തിൽ വമ്പിച്ച പരിവർത്തനങ്ങൾ വരുത്തുവാൻ സഹായകമായി. ആധുനിക കവിത്രയത്തിലൊരാളുമാണ് കുമാരനാശാൻ. ആശയ ഗംഭീരൻ, സ്നേഹ ഗായകൻ എന്നിവ അദ്ദേഹത്തിന്റെ വിശേഷണങ്ങളാണ്.

AKARSH BABU

ക
നി
വ്

# റെഡ്ക്രോസ്.



കഷ്ടപ്പെടുന്നവരെ സഹായിക്കുന്നതിനായുള്ള ലോകത്തിലെ ഏറ്റവും വലിയ സംഘടനയാണ് **റെഡ്ക്രോസ്.** സ്വിറ്റ്സർലണ്ടുകാരനായ ഹെൻറി ഡ്യൂനൻറിൻറെ ശ്രമഫലമായി 1863-ലാണ് ഇത് സ്ഥാപിതമായത്. ഇദ്ദേഹത്തിന്റെ ജന്മദിനമായ മേയ് 8 റെഡ്ക്രോസ് ദിനമായി ആചരിക്കുന്നു. ഇന്ന് ലോകത്തിൽ 150-ലധികം രാജ്യങ്ങളിൽ റെഡ്ക്രോസിന് ശാഖകളും 97 ദശലക്ഷത്തിലധികം വോളണ്ടിയർമാരും ഉണ്ട്. **ഇൻററർനാഷണൽ മൂവ്മെൻറ് ഓഫ് ദ് റെഡ്ക്രോസ് ആൻഡ് റെഡ്ക്രെസൻറ്** എന്നതാണ് റെഡ്ക്രോസിൻറെ ഔദ്യോഗിക നാമം. 1986-ലാണ് ഈ പേര് സ്വീകരിച്ചത്.





AROMAL BIJU

കനിവ്

# മരമാണ് ജീവൻ




മണ്ണും മരവും സുഹൃത്തുക്കളായാലേ മനുഷ്യർക്ക് ഭൂമിയിൽ ജീവിക്കാൻ സാധിക്കു. അതിനായി ഒരുപാട് മരങ്ങൾ നാം നടണം ഭൂമിയിലെ ജീവിത മരങ്ങളെസ ആശ്രയിച്ചിരുക്കുന്നു.

അമൃത കെ ബി

# ചക്കയാണ് താരം



മലയാളികൾ വിലയാറിയാതെ അന്യ നടുകളിലേയ്ക്ക്കയറ്റിമതിചെയ്തിരുന്ന ഒരു ഫലമണ് ചക്ക. ലോകത്തിലേക്ക് ഏറ്റവുംവലിയ ഫലമായചക്ക ഹൃദ്രോഗത്തിനും കൻസറിനും ഒരുപരിധിവരെ തടയാൻ കഴിയുന്ന അത്ഭുത ഫലമെന്ന് നാം അറിയണം.

അഭിജിത്ത് സുനില്

## എന്റെ അമ്മ

അമ്മയാണെന്നുടെ പൊന്നുദൈവം
അമ്മയുടെ മനമെൻ പൊന്നമ്പലം
അമ്മയില്ലാത്തൊരു ലോകമില്ല
അമ്മയില്ലാത്തൊരു ജീവിതമില്ല
അമ്മയാണെന്നുമെൻ ചങ്കുറപ്പ്
അമ്മയാണെന്നുമെൻ പൊൻവിളക്ക്
അമ്മതൻ താരാട്ടിൽ ഞാനുറങ്ങി
ആ ഓർമ നെഞ്ചിലായി തിങ്ങിവിങ്ങി
അമ്മയല്ലോ എന്റെ സർവസ്വത്തും
അന്നൊരുനാളിൽ വാശിപിടിച്ചപ്പൊൾ
കോരിയെടുത്തു പുണർന്നൊരെന്നമ്മ
കരയുന്ന നേരത്ത് നെഞ്ചോട് ചേർത്തെന്നെ
താരട്ട് പാടി ഉറക്കിയമ്മ
കരയല്ലേ കുഞ്ഞേ നീ കരയല്ലേ എന്ന്
നെഞ്ചോട് ചേർത്തെന്നും പാടുമമ്മ

ആദിത്യ പി ഉദയൻ

## പ്രകൃതി

നമുക്കാവശ്യമായ എല്ലാം ഭൂമിയിലുണ്ട് .നമുക്കത് കാണാൻ കഴിയുന്നില്ലന്നു മാത്രം. ചക്ക,മാങ്ങ,വാഴപ്പഴം തുടങ്ങിയ ഭക്ഷണം ഒന്നും  ഇപ്പോൾ ആർക്കും വേണ്ടയായി. ഒരാളുടെ കുട്ടിക്കാലം ആരംഭിക്കേണ്ടത് പ്രകൃകിയിൽ നിന്നാണ്.അല്ലാതെ പട്ടണങ്ങളിൽ നിന്നല്ല. പ്രകൃതിയിലെ പച്ചപ്പും മറ്റും കണ്ടാണ് വളരേണ്ടത്. പട്ടണങ്ങളിൽ താമസിച്ച് ഫാസ്റ്റ് ഫുഡ് കഴിച്ച്നമ്മുടെ നാവുമുഴുവൻ ഫാസ്റ്റ്ഫുഡിലേക്ക് മാറിയിരിക്കുന്നു. മായം നിറഞ്ഞ ആ ആഹാരത്തേക്കാൾ ആരോഗ്യത്തിന് പ്രകൃതിയിലെ ഫലപ്രദമായ ആഹാരമാണ് നല്ലത്. നല്ലആഹാരം കഴിക്കൂ ജീവൻ നിലനിർത്തൂ

ADARSH A S

# എന്റെ പൂവ്

ഞാനൊരു  ചെടിയിൽ നിന്നൊരു
കമ്പൊടിച്ചെൻെറ വീട്ട് മുറ്റത്ത് നട്ടു
ആദ്യമതിലയില്ലാത്തൊരു കമ്പ് മാത്രമായിരുന്നു
എന്റെ ശുശ്രൂഷയിൽ ദാ ഇന്നിതാ
അതിന്ന് ശിഖരങ്ങൾ മുളച്ചു വന്നു
വേനലായി ഭൂമിയിൽ നിറഞ്ഞപ്പോൾ
ചെടിക്കുഞാൻ ദാഹജലം നൽകിയില്ല
അതിനാലത് പിണങ്ങിയതുപോലെ
വാടിത്തളർന്നു നിന്നു
പിന്നീട് ഞാനതിന് വെള്ളമൊഴിച്ചു
അത് വീണ്ടും വളർന്ന് ശിഖരങ്ങളായി
ഇലയായി പൂവായി എന്റെ മുറ്റത്ത് നിൽക്കുന്നു

അമൃത . പ്രദീപ്

# പ്രഭാതം

**പൂക്കളും പുഴകളും കളിച്ചുതുള്ളി രസിച്ചു നിൽക്കുന്നേരം**

**കുളിച്ചുതോർത്തി സ്വർണ്ണം പോലെ ഉദിച്ചുയർന്നു സൂര്യൻ**

**മനസ്സിനാകെ  സുഖം പകരും അനുഭവസുന്ദര  ദൃശ്യം**

**അരുവിയും പുഴകളും കളകളംപാടി രസിച്ചുനീന്തും നേരം**

**താമരവിടർന്ന് സൂര്യനെ നോക്കി ചിരിച്ചുനിൽക്കും നേരം**

**കിളികൾ കളകളനാദമുയർത്തി കഥകൾ പറയും നേരം**

**എന്തൊരു രസമാ പ്രഭാതം എന്നും മനസ്സിൽ പുതുമ ഉണർത്തുന്നു**

അനുമോൾ ബാബു

## പ്ലാസ്റ്റിക്ക് വിമുക്തവിദ്യാലയം

നാളേക്കായി ഭൂമിയെ നമ്മുക്ക് സംരക്ഷിക്കാം....പ്ലാസ്റ്റിക്ക് മാലിന്യങ്ങലളിൽ നിന്ന്. വർഷങ്ങളോളം ഭൂമിൽ കിടന്നാലും മണ്ണിൽ അലിയാത്തവയാണ് പ്ലാസ്റ്റിക്കുകൾ .അതിനാൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറച്ച് നാളേക്കായി ഭൂമിയെ സംരക്ഷിക്കാം.എല്ലാസ്കൂളുകളും പ്ലാസ്റ്റിക് വിമുക്തമാക്കാൻ നമ്മൾ കുട്ടികൾ തയ്യാറാകണം.

അശ്വിൻ

## ആനപ്പെരുമ

**ലക്ഷണപെരുമാൾ പാമ്പാടി രാജൻ**

കോടനാട് ഒരു ആനകുഴിയിൽ വിണു. ചട്ടങ്ങൾ പടിച്ചുകോട്ടയത്തുള്ള ഒരു ആനയുടമ അവനെ പാമ്പാടിയിൽ കൊണ്ടുവന്നു പാമ്പാടിയിൽ ഓടികളിച്ച് വളർന്നു അങ്ങനെ പാമ്പാടിക്കാരുടെ പാമ്പാടി രാജനായികേരളത്തിലെ മികച്ച ആനകളുടെ കുട്ടത്തിൽ മൂന്നാം സ്ഥാനം അവന്. പൊക്കവും തലയെടുപ്പും വിരി ഞ്ഞമസ്തകവും കാരണം ഇവന് ഒത്തിരി ആരാധകരുണ്ട്.

**ഗജരാജബാഹുബലി ചിറക്കൽ കാളിദാസൻ**

കർണ്ണടകയിൽ ഒരു ആനക്കുഴിയിൽ നിന്ന് അവനെ ചിറക്കൽ മധു വിലയ്ക്ക് വാങ്ങിയ ചിറയ്ക്കലമ്മയുടെ സീമന്തപുത്രൻ ഗജരാജകുലപതി ചിറയ്ക്കൽ കാളിദാസൻ. ബാഹുബലി എന്ന സിനിമയിലഭിനയിച്ചതോടെ കാളിഗജരാജബാഹുബലിയായി പട്ടം കെട്ടി.കാളിയ്ക്ക്കൂട്ടായി ചേർത്തലക്കാരൻ ശരത്ത് (മാമ്പി) 5 അടിപൊക്കവും നീണ്ടതാടിയയുമുള്ളവനാണ് മാമ്പി

AVINASH

ക
നി
വ്

# അതിജീവനം

സൂര്യൻ മറഞ്ഞു വെയിലും മറഞ്ഞു
ഭൂമിയാകവേ ഭീതി പടർന്നു
മഴയുമായ് പ്രണയത്തിലായിരുന്നവർ
പിന്നെ മഴയെന്നു കേട്ടാൽ വെറുത്തു നിന്നു
പുഴകൾ നിറഞ്ഞു വയല് നിറഞ്ഞു
കടലായി കഴിഞ്ഞു ഭൂമിയെല്ലാം
ചങ്കുറപ്പുള്ള മലയാളികളോ
പ്രളയത്തിൽ ഭീതിയിൽ കലുങ്ങാതെ നിന്നു
ഒന്നായി നേരിട്ടാദുരന്തത്തെ
മലയാള നാടിന്നൊരാശ്വാസമായ്
പലതല്ല നമ്മളൊന്നെന്നുമേ
ഒരുമിച്ച് തോല്പിച്ച ദുരന്തത്തെത്തന്നെയും.

ദേവിക പി.ജെ

## നന്ദി

ഈ പതിപ്പ് തയ്യാറാക്കുന്നതിന് ഞങ്ങൾ ലിറ്റിൽകൈറ്റുകളെ പ്രാപ്തരാക്കിയ പ്രിയപ്പെട്ട ജയസൂര്യ സർ, ഉഷ ടീച്ചർ, മാർഗനിർദ്ദേശങ്ങൾ നൽകിയ ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ്സ് മല്ലിക ടീച്ചർ എന്നിവർക്കും കൈറ്റിനും, വായനക്കാർക്കും, എല്ലാ ആധ്യാപകർക്കും, സ്കൂൾ മാനേജ്മെന്റിനും ഒപ്പം എല്ലാകുട്ടകാർക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു.